"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- 2025-2026 സാമ്പത്തിക വർഷം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ നിലവിലുള്ള പ്ലാൻ പദ്ധതികൾക്കായുള്ള ഫണ്ടിൽ നിന്നും, 'അൻപ് പദ്ധതി'-യ്ക്കായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2026/SJD തീയതി,തിരുവനന്തപുരം, 05-02-2026

പരാമർശം:-

1. 03/07/2025 ലെ സ.ഉ.(സാധാ) നം.184/2025/സാനീവ. ഉത്തരവ് .
   16.01.2026-ലെ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ
2. 4923/എസ്1/25/എസ്.സി.പി.ഡബ്ല്യൂ.ഡി നമ്പർ കത്ത് .
3. 17.01.2026 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 2025-2026 സാമ്പത്തികവർഷം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ബൗദ്ധിക പരിമിതിയുള്ള വ്യക്തികൾ, അവരുടെ രക്ഷിതാക്കൾ, സ്പെഷ്യൽ സ്കൂൾ/ബഡ്സ് സ്കൂൾ അധ്യാപകർ, NGO പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള 'അൻപ് പദ്ധതി' പ്രവർത്തനങ്ങൾക്കാവശ്യമായ 10,50,000/-(പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപ ഭിന്നശേഷി കമ്മീഷണറേറ്റിന് 2025—26 പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന മറ്റ് ഘടകപദ്ധതികളിൽ നിന്ന് കണ്ടെത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശം (3) പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ശിപാർശ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഇനം. നമ്പർ 3 ആയി, അൻപ് പദ്ധതിയിൽ മുഴുവൻ തുകയും ചെലവഴിച്ചില്ലെങ്കിൽ, ശേഷിക്കുന്ന തുക നിലവിലുള്ള ഭരണാനുമതിപ്രകാരം ആ തുക earmark ചെയ്തിരിക്കുന്ന പദ്ധതിക്കായി ചെലവഴിക്കാവുന്നതാണെന്ന നിബന്ധനയോടെ വർക്കിഗ് ഗ്രൂപ്പ്

യോഗം അംഗീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ നിലവിലുള്ള പ്ലാൻ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്നും, 10,50,000/- രൂപ (പത്ത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 'അൻപ് പദ്ധതി' പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ 2235-60-200-79-34-P ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അൻപ് പദ്ധതിയിൽ മുഴുവൻ തുകയും വിനിയോഗിച്ചില്ലെങ്കിൽ ശേഷിക്കുന്ന തുക നിലവിലുള്ള ടി ശീർഷകത്തിൽ ഭരണാനുമതി നല്കിയ പ്രകാരമുള്ള കംപോണന്റുകൾക്കായി ചെലവഴിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ശാസ്തമംഗലം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്. വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി.&എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Jasmine Thomas**
**Date: 05-02-2026 19:43:40**
സെക്ഷൻ ഓഫീസർ